3. എൻ.ഐ.ഐ.റ്റി. മുഖാന്തരം 100% തൊഴിലുറപ്പ് നൽകുന്ന സൗജന്യ പരിശീലന പരിപാടി

4. ഗുണഭോക്താക്കൾക്ക് ബാങ്ക് മുഖേനയുള്ള വായ്പാ തിരിച്ചടവ്

5. കോർപ്പറേഷൻ കമ്പ്യൂട്ടർവത്ക്കരണം

(ബി) കോർപ്പറേഷൻ നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം 1030.57 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 653 ലക്ഷം രൂപ വിവിധ ദേശീയ കോർപ്പറേഷനുകളിൽ നിന്നും ലഭ്യമായിട്ടുണ്ട്.

(ഡി) വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പാ പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം തന്നെ പ്രസ്തുത സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന മേളകളും സംഘടിപ്പിക്കുന്നുണ്ട്.

(ഇ) വനിതാ വികസന കോർപ്പറേഷൻ വനിതകൾക്കായി തിരുവനന്തപുരത്ത് ഉന്നത നിലവാരത്തിലുള്ള ഒരു ഫിനിഷിംഗ് സ്കൂൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്തുള്ള ഫിനിഷിംഗ് സ്കൂളിന്റെ മാതൃകയിൽ കണ്ണൂരിലെ പിലാത്തറയിൽ ഒരു ഫിനിഷിംഗ് സ്കൂൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ദേശീയപാതകളുടെ വികസനം

19(*229) ശ്രീ. പി. തിലോത്തമൻ:
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. അജിത് :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ദേശീയ പാതകളുടെ വികസനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത് ;

(ബി) ഈ ഓരോ പാതയുടേയും വികസനത്തിന് സ്ഥലം ആവശ്യമായി വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോന്നിനും എത്ര മീറ്റർ വീതിക്ക് സ്ഥലം എടുത്തു നൽകാമെന്നാണ് ഏറ്റിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥലം ഏറ്റെടുക്കേണ്ടയിടങ്ങളിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ ദേശീയ പാതകളുടെ വികസനം എത്രകാലംകൊണ്ട് പൂർത്തിയാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) ദേശീയപാത 17, 47 എന്നിവ 6/4 വരിപ്പാതകളാക്കി വികസിപ്പിക്കുവാനും ദേശീയപാത 49, 208, 212, 213, 220 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടി രണ്ടുവരിപാതയാക്കി വികസിപ്പിക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്.

(ബി) ഉണ്ട്. ദേശീയപാത 17, 47 എന്നിവ 45 മീറ്റർ വീതിയിൽ 6/4 വരിപാതയാക്കിയാണ് വികസിപ്പിക്കുന്നത്. ദേശീയപാത 47-ലെ വടക്കാഞ്ചേരി മുതൽ തൃശ്ശൂർ വരെ 60 മീറ്റർ വീതിയിൽ 6 വരിപ്പാതയായാണ് വികസിപ്പിക്കുന്നത്. ദേശീയപാത 49, 208, 212, 213, 220 എന്നിവയുടെ സാധ്യതാപഠന റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്. ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനുവേണ്ടി സ്ഥലമെടുക്കുന്നതു കാരണം ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്ന എല്ലാവിഭാഗം ജനങ്ങൾക്കും ഒരുപോലെ സമാശ്വാസം നൽകുന്ന തരത്തിലുള്ള സമഗ്രമായൊരു പുനരധിവാസ പാക്കേജ് സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിനു സ്വീകാര്യമായ രീതിയിൽ ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നതിന് ഒരു സർവ്വകക്ഷിയോഗം ഉടനെ ചേരുന്നതാണ്.

(ഡി) പ്രവൃത്തികൾ അവാർഡ് ചെയ്യുമ്പോൾ മാത്രമേ കാലാവധി തീരുമാനിക്കുവാൻ കഴിയൂ.

മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പദ്ധതികൾ

20 (*230) ശ്രീ. കെ. കെ. ജയചന്ദ്രൻ:
ശ്രീ. ജോർജ് . എം. തോമസ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിന് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) മാന്ദ്യ വിരുദ്ധപാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly